**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5888** **25-03-2025 - ൽ മറുപടിയ്ക്ക്**

**തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ സംരംഭകരുടെ കൂട്ടായ്മ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. സി. മൊയ്തീൻ ,<br>ശ്രീ ഡി കെ മുരളി,<br>ശ്രീ. എച്ച്. സലാം,<br>ശ്രീ. പി.പി. സുമോദ്** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംരംഭക സൗഹൃദ അന്തരീക്ഷം കൂടുതൽ ഊർജ്ജിതപ്പെടുത്തുന്നതിനും പ്രാദേശിക സംരംഭക ആവാസവ്യവസ്ഥ ശക്തിപ്പെടുത്തുന്നതിനും ലക്ഷ്യമിട്ട് നടപ്പാക്കുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; അറിയിക്കുമോ; | (എ) | ഉണ്ട്. കേരളത്തിലെ സംരംഭകസൗഹൃദ അന്തരീക്ഷം കൂടുതൽ ഊർജ്ജിതപ്പെടുത്തുന്നതിനും പ്രാദേശിക സംരംഭക ആവാസവ്യവസ്ഥ ശക്തിപ്പെടുത്തുന്നതിനും ലക്ഷ്യമിട്ട് വിവിധ പ്രവർത്തനങ്ങൾ വ്യവസായ വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. സർക്കാർ പദ്ധതികൾ വഴിയുള്ള സാമ്പത്തിക സഹായങ്ങൾ നൽകുന്നതിലുപരി സംരംഭകർക്ക് ആവശ്യമായ വിവിധ സേവനങ്ങളും, ഉപദേശങ്ങളും നൽകുന്ന ഒരു ഫെസിലിറ്റേറ്റർ എന്ന നിലയിലും വകുപ്പിന്റെ പ്രവർത്തനം മാറിയിട്ടുണ്ട്. സംരംഭകർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി നൽകിയും, വ്യവസായം തുടങ്ങാൻ ആവശ്യമായ അനുമതികൾ സമയബന്ധിതമായി നൽകാൻ സഹായിക്കുകയും വഴി കേരളത്തെ മികച്ച നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റിയിരിക്കുന്നു.<br><br>ജില്ലാ വ്യവസായ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് വ്യവസായികളുടെ സംശയ ദൂരീകരണത്തിനായി വിദഗ്ധരുടെ പാനൽ സജ്ജമാക്കി, എം.എസ്.എം.ഇ ക്ലിനിക്ക് പദ്ധതി ആരംഭിച്ചിട്ടുണ്ട്. വ്യവസായ വകുപ്പിനു കീഴിൽ ഉള്ള 59 താലൂക്ക് വ്യവസായ കേന്ദ്രങ്ങളെയും എന്റർപ്രൈസ് ഫെസിലിറ്റേഷൻ സെന്ററുകളായി മാറ്റുകയും, അവിടെയെല്ലാം താലൂക്ക് റിസോഴ്സ് പേഴ്സൺമാരെ നിയമിക്കുകയും ചെയ്തു. എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും ജില്ലാ റിസോഴ്സ് പേഴ്സൺമാരെ നിയമിച്ചു. ഇത് കൂടാതെ തദ്ദേശ സ്വയം ഭരണ സ്ഥാപനതലത്തിൽ സംരംഭക വർഷവുമായി ബന്ധപ്പെട്ട് പദ്ധതികളുടെ നടത്തിപ്പിനായി 1153 എന്റർപ്രൈസസ് ഡെവലപ്പ്മെന്റ് എക്സിക്യൂട്ടീവുകളെ നിയമിച്ചു പ്രവർത്തനം നടത്തി വരുന്നു. ജില്ലാ-താലൂക്ക്-തദ്ദേശ സ്ഥാപന തലങ്ങളിലുള്ള ഈ |

സംവിധാനങ്ങൾ കൂടുതൽ നിക്ഷേപകരെ കണ്ടെത്തു ന്നതിനു സഹായകരമാകുന്നുണ്ട്.

സംസ്ഥാനത്തെ 1034 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ തിങ്കൾ, ബുധൻ ദിവസങ്ങളിൽ പ്രവർത്തിക്കുന്ന ഹെൽപ്പ് ഡെസ്കുകൾ സ്ഥാപിച്ചു. എല്ലാ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്കും 5 വർഷത്തേയ്ക്ക് 6% പലിശ സബ്സിഡി നൽകിക്കൊണ്ട് കുറഞ്ഞ പലിശയ്ക്ക് വായ്പ നൽകുവാൻ ഒരു കുടുംബം ഒരു സംരംഭം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

സംസ്ഥാനത്തെ വ്യവസായങ്ങൾക്ക് സുസ്ഥിരമായ വളർച്ച കൈവരിക്കുന്നത് ഉറപ്പുവരുത്തുക എന്ന വ്യവസായ വാണിജ്യ വകുപ്പ്, സംസ്ഥാനത്തെ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്ക് (എം.എസ്.എം.ഇ) മിനിമം ഇൻഷുറൻസ് പരിരക്ഷ നൽകാൻ വേണ്ടി **MSME ഇൻഷുറൻസ് പദ്ധതി** നടപ്പിലാക്കിയിട്ടുണ്ട്.

കേരളത്തെ കൂടുതൽ വ്യവസായ സൗഹൃദ സംസ്ഥാനമാക്കി വളർത്തിയെടുക്കുന്നതിനു വ്യവസായവകുപ്പ് നടപ്പിലാക്കി വരുന്ന സംരംഭകത്വ പ്രോത്സാഹന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ സംരംഭകരിലേക്കും പൊതുജനങ്ങളിലേക്കും നേരിട്ടെത്തിക്കുവാൻ സംസ്ഥാനത്തൊട്ടാകെയുള്ള എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും എന്റർപ്രണർഷിപ് ഫെസിലിറ്റേഷൻ ക്യാമ്പയിൻ സംഘടിപ്പിച്ചിട്ടുണ്ട്.

ഉത്തരവാദിത്ത വ്യവസായത്തെയും ഉത്തരവാദിത്ത നിക്ഷേപങ്ങളെയും പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ട് സർക്കാർ പല നടപടികളും സ്വീകരിച്ചുവരുന്നു. കേരളത്തിലെ സംരംഭങ്ങളുടെ സാധ്യത വർധിപ്പിക്കുന്നതിനും, അവരുടെ ഉന്നമനത്തിനും, വ്യാവസായിക പുരോഗതിക്ക് ഊന്നൽ നൽകുവാനും സർക്കാർ നടത്തിയിട്ടുള്ള പ്രധാനപ്പെട്ട ഇടപെടലുകളിൽ ഒന്നാണ് സംസ്ഥാന വ്യവസായ നയം 2023. സംരംഭകത്വം പ്രോത്സാഹിപ്പിക്കുക, പുതിയ സാങ്കേതികവിദ്യകൾ ഉൾപ്പെടുത്തി പരമ്പരാഗത വ്യവസായങ്ങളെ നവീകരിക്കുക, കേരള ബ്രാൻഡ് വികസിപ്പിക്കുക, അടിസ്ഥാന സൗകര്യങ്ങൾ പ്രവർത്തനക്ഷമമാക്കുക, തൊഴിലില്ലാത്ത വിദ്യാസമ്പന്നരായ യുവാക്കളുടെയും യുവതികളുടെയും സംരംഭകത്വ കഴിവുകളെ പരിപോഷിപ്പിക്കുക, വ്യവസായ - നൈപുണ്യം വർദ്ധിപ്പിക്കുക, അതുവഴി മെച്ചപ്പെട്ട തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുക, മുൻഗണനാ മേഖല അടിസ്ഥാനമാക്കിയുള്ള വ്യവസായവൽക്കരണം

| | | | |
|---|---|---|---|
| | | | എന്നിവയാണ് സംസ്ഥാന വ്യവസായ നയത്തിന്റെ പ്രധാനപ്പെട്ട ലക്ഷ്യങ്ങൾ. പുതിയ വ്യവസായ നയം സംസ്ഥാനത്തിന്റെ അന്തർലീനമായ ശക്തികൾ ഉപയോഗപ്പെടുത്തുന്നതിനും തിരഞ്ഞെടുക്കപ്പെട്ട 22 സൺറൈസ് മേഖലകളിലെ നിക്ഷേപങ്ങളെ ഉത്തേജിപ്പിക്കുന്നതിനുമാണ്. സൺറൈസ് വ്യവസായങ്ങൾക്ക് വലിയ ആനുകൂല്യങ്ങൾ വ്യവസായ നയത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഇത് കൂടാതെ കയറ്റുമതി പ്രോത്സാഹന നയം സർക്കാർ ഇതിനോടകം അംഗീകരിക്കുകയും, ലോജിസ്റ്റിക് പാർക്ക് നയം, ഇ. എസ്. ജി. നയം, തുടങ്ങിയവ പരിശോധിച്ചു വരുന്നു. പ്രസ്തുത നടപടികളിലൂടെ സംരംഭക സൗഹൃദ അന്തരീക്ഷം കൂടുതൽ മെച്ചപ്പെടുത്തുവാൻ സാധിച്ചിട്ടുണ്ട്. |
| (ബി) | പ്രാദേശിക തലത്തിൽ സംരംഭകർ നേരിടുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനും പ്രസ്തുത പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി വ്യവസായ പരിതഃസ്ഥിതികളിൽ വരുത്തേണ്ട മാറ്റങ്ങൾ സംബന്ധിച്ച വിവര ശേഖരണം നടത്തുന്നതിനുമായി തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ സംരംഭകരുടെ കൂട്ടായ്മ രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | ഉണ്ട്. 2022-23 സാമ്പത്തിക വർഷം മുതൽ സംരംഭകത്വ പ്രോത്സാഹനത്തിന്റെ ഭാഗമായി വ്യവസായ വകുപ്പ് നടത്തി വരുന്ന കാമ്പയിനായ സംരംഭകവർഷം പദ്ധതിയുടെ ഭാഗമായി കേരളത്തിലെ ഓരോ പഞ്ചായത്തിലും ശരാശരി 250-ൽ പരം സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. സംരംഭങ്ങൾക്ക് കൂടുതൽ ഉത്തേജനം പകരുവാൻ വേണ്ടി സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി ഓരോ പഞ്ചായത്തിലും രൂപീകരിച്ച പുതിയ സംരംഭങ്ങളുടെയും, അതിനു മുൻപ് മുതൽ പ്രവർത്തിച്ച് പോരുന്ന സംരംഭങ്ങളുടെയും പ്രതിനിധികളുടെ ഒരു യോഗം "സംരംഭകസഭ" എന്ന പേരിൽ 2024-2025 സാമ്പത്തിക വർഷത്തിൽ നടത്തിയിട്ടുണ്ട്. |
| (സി) | തദ്ദേശതലത്തിൽ രൂപീകരിക്കുന്ന സംരംഭസഭകളിലൂടെ ഈ മേഖലയിലെ സംരംഭകർക്ക് ഏതെല്ലാം തരത്തിലുള്ള സേവനങ്ങൾ നൽകുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്; വിശദീകരിക്കുമോ? | (സി) | സംരംഭകസഭയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1.ഓരോ പഞ്ചായത്തിലും നിലവിൽ പ്രവർത്തിക്കുന്ന സംരംഭങ്ങളുടെ ഒരു കൂട്ടായ്മ രൂപീകരിക്കുക.<br><br>2.സംരംഭകർക്ക് വ്യവസായ വകുപ്പിന്റെയും മറ്റ് അനുബന്ധ വകുപ്പുകളുടെയും വിവിധ സംരംഭകത്വ പ്രോത്സാഹന പദ്ധതികളെയും സേവനങ്ങളെയും കുറിച്ചുള്ള ബോധവത്കരണം നടത്തുക.<br><br>3.സംരംഭകർക്കുള്ള വിവിധ ആവശ്യങ്ങൾ (ലോൺ/ ലൈസൻസ്/ സബ്സിഡി/ ഇൻഷ്വറൻസ് മുതലായവ) നിറവേറ്റുവാൻ വേണ്ടി പ്രാദേശിക ബാങ്കുകൾ, ഇൻഷ്വറൻസ് സേവന ദാതാക്കൾ എന്നിവരുമായി സഹകരിക്കുവാൻ എന്റർപ്രൈസ് ഡെവലപ്മെന്റ് എക്സിക്യൂട്ടീവുകളുടെ സേവനം ലഭ്യമാക്കുക. |

| | | | |
|---|---|---|---|
| | | | 4.സംരംഭകരിൽ നിന്നും പോളിസി നിർമാണ തലത്തിൽ ഉപയോഗിക്കാവുന്ന തരത്തിലുള്ള ഫീഡ്ബാക്ക് എടുക്കുക.<br><br>5.പ്രാദേശിക തലത്തിലുള്ള സംരംഭക ആവാസവ്യവസ്ഥ ശക്തിപ്പെടുത്തുന്നതിന് വേണ്ട ഫീഡ്ബാക്കും നടപടികളും സ്വീകരിക്കുക.<br><br>6.സംരംഭകരുടെ വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ടുള്ള ആവശ്യങ്ങൾക്കായി, അതാത് വകുപ്പുകളുടെ പ്രതിനിധികൾ വകുപ്പ് തലത്തിലുള്ള ബോധവത്കരണം നടത്തുക.<br><br>7.തദ്ദേശസ്വയംഭരണ വകുപ്പിന്റെ ലോക്കൽ ഇക്കണോമിക് ഡെവലപ്മെന്റ് (LED പദ്ധതി), മാർക്കറ്റിംഗ് സഹായ പദ്ധതികൾ മുതലായവയെക്കുറിച്ച് പഞ്ചായത്ത് തലത്തിൽ സംരംഭകരുമായി ഏകോപനം നടത്തുക.<br><br>8.സംരംഭകർ പൊതുവായി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്കുള്ള ഉചിതമായ പരിഹാര നടപടികളും നിർദേശങ്ങളും കണ്ടെത്തുവാൻ സംരംഭകരും വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും (KSEB, മൈനിങ്&ജിയോളജി, ലേബർ, പരിസ്ഥിതി, ലീഡ് ബാങ്ക്, സഹകരണബാങ്ക്, മറ്റുബാങ്കുകൾ etc.) പ്രതിനിധികളും ഉദ്യോഗസ്ഥരുമായുള്ള ചർച്ച നടത്തുക. |

സെക്ഷൻ ഓഫീസർ